**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3768. 30.01.2014 ൽ മറുപടിയ്ക്ക്.

<u>ക്യാമറ സംവിധാനം</u>

| ചോദ്യം<br>ശ്രീ. സി.പി.മുഹമ്മദ്<br>" അൻവർ സാദത്ത്<br>" വി.പി. സജീന്ദ്രൻ<br>" ഐ.സി. ബാലകൃഷ്ണൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്തെ എല്ലാ മോട്ടോർ വാഹന ഓഫീസുകളിലും ചെക്ക്പോസ്റ്റുകളിലെ ഓഫീസുകളിലും ക്യാമറകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ എല്ലാ റീജിയണൽ / സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും 4 മേജർ ചെക്ക് പോസ്റ്റുകളിലും ക്യാമറ സ്ഥാപിക്കുന്നതിനുള്ള ഒരു നിർദ്ദേശം ഗതാഗത കമ്മീഷണർ പരിഗണിച്ചുവരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഈ സംവിധാനം ഉപയോഗിച്ച് ഒരു ഓഫീസിലെ മുഴുവൻ പ്രവർത്തനങ്ങളും ഓഫീസ് മേധാവിക്ക് തന്റെ കമ്പ്യൂട്ടറിലൂടെ കാണുവാൻ കഴിയുന്നു. ഇവ റെക്കോഡ് ചെയ്യുന്നതിനും സാധിക്കുന്നതാണ്. ഇതുമൂലം ഓഫീസിൽ വരുന്ന എല്ലാപേരെയും നിരീക്ഷിക്കുന്നതിനും ഓഫീസ് മേധാവിക്ക് കഴിയുന്നു. ഇതേസമയം തന്നെ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് ഓരോ ഓഫീസിലെയും പ്രവർത്തനങ്ങൾ തന്റെ ഓഫീസിൽ ഇരുന്നു തന്നെ അപ്പപ്പോൾ പരിശോധിക്കുവാനും കഴിയുന്നു. |
| (സി) മോട്ടോർ വാഹന വകുപ്പിൽ ഇടനിലക്കാരെ ഒഴിവാക്കുവാൻ ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത് ; വിശദമാക്കുമോ ; | (സി) | മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളും ചെക്ക്പോസ്റ്റുകളും മേലുദ്യോഗസ്ഥരുടെ നിരന്തരമായ നിരീക്ഷണത്തിലാണ് എന്ന് ഇടനിലക്കാർക്കും അവരെ സഹായിക്കുന്ന ഉദ്യോഗസ്ഥന്മാർക്കും ബോദ്ധ്യപ്പെട്ടാൽ ഇടനിലക്കാരുടെ സാന്നിദ്ധ്യവും ഇടപെടലും പൂർണ്ണമായി ഒഴിവാക്കാൻ കഴിയും. ക്യാമറയിലെ ദൃശ്യങ്ങൾ റെക്കോഡു ചെയ്യാൻ ഈ സംവിധാന |

| | | |
|---|---|---|
| | | ത്തിലൂടെ സാധിക്കുമെന്നതിനാൽ ഏജന്റുമാർക്ക് സേവനങ്ങൾ നല്കുന്ന വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ കഴിയും. ക്രമക്കേടുകളും അഴിമതിയും തടഞ്ഞു കൊണ്ട് സുതാര്യത ഉറപ്പാക്കുവാനും ഓഫീസുകളുടേയും ചെക്ക് പോസ്റ്റുകളുടേയും പ്രവർത്തനം കൂടുതൽ കാര്യക്ഷമ മാക്കുവാനും ഈ സംവിധാനത്തിലൂടെ കഴിയും. |
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | സർക്കാർ നിയന്ത്രണത്തിലുള്ള കെൽട്രോൺ ആണ് ഇതിനായി പ്രൊപ്പോസൽ നല്കിയിട്ടുള്ളത്. സംസ്ഥാനത്തെ മുഴുവൻ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും 4 പ്രധാന ചെക്ക് പോസ്റ്റുകളിലും ക്യാമറ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ആണ് സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.